LIBRARY ARCHIVES Kerala Legislative Assembly

ദേവസ്വം ബോർഡുകൾക്ക് സാമ്പത്തിക സഹായം

95 (3801) ശ്രീ. വി. ജോയി:

ശ്രീ. എം. മുകേഷ്:

ശ്രീ. കെ. കെ. രാമചന്ദ്രൻ:

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സാമ്പത്തികവർഷം വിവിധ ദേവസ്വം ബോർഡുകൾക്ക് നൽകിയ സാമ്പത്തികസഹായം എത്രയായിരുന്നെന്ന് അറിയിക്കാമോ; ക്ഷേത്രങ്ങളുടെ വരുമാനം സർക്കാർ വിനിയോഗിക്കുന്നുണ്ടെന്ന ആരോപണത്തിന്റെ നിജസ്ഥിതി വ്യക്തമാക്കാമോ?

കോവിഡുമൂലമുണ്ടായ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിനായി നൽകിയ അധിക ധനസഹായമുൾപ്പെടെ കഴിഞ്ഞ സാമ്പത്തികവർഷം ദേവസ്വം ബോർഡുകൾക്ക് സർക്കാരിൽനിന്നും നൽകിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡ്	90,40,00,000
കൊച്ചിൻ ദേവസ്വം ബോർഡ്	25,00,00,000
മലബാർ ദേവസ്വം ബോർഡ്	44,30,53,740
കൂടൽമാണിക്യം ദേവസ്വം	15,00,000

ക്ഷേത്രങ്ങളുടെ വരുമാനം സർക്കാർ ഖജനാവിലേയ്ക്ക് അടവാക്കപ്പെടുന്നില്ല.

(ബി) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാരുൾപ്പെടെയുള്ള അബ്രാഹ്മണരെ ശാന്തിക്കാരായി നിയമിച്ച കഴിഞ്ഞ സർക്കാരിന്റെ പ്രക്രിയ തുടരുന്നുണ്ടോ; ശബരിമല മേൽശാന്തി നിയമനവുമായി ബന്ധപ്പെട്ടയരുന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(സി) ദേവസ്വം ബോർഡിനുകീഴിലെ വിവിധ ക്ഷേത്രഭരണ സമിതികളിലെ പ്രാതിനിധ്യം വർഗ്ഗീയത വളർത്താൻ ചില വ്യക്തികൾ ദുരുപയോഗം ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.